പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 208 | 10.06.2013-ൽ മറുപടിക്ക്.

# സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുവാൻ സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ് ; | : (എ) & (ബി)<br><br>കെൽട്രോൺ മുന്നോട്ടുവച്ചിട്ടുള്ള സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ സംവിധാനത്തിൽ വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നത് സംബന്ധിച്ച് നിലവിൽ പരാമർശിച്ചു കാണുന്നില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജുവലറികൾ, വൻകിട ബിസിനസ്സുകാർ, ഫാക്ടറികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സുരക്ഷിതത്വവും സംരക്ഷണവും പോലീസ് സഹായത്തോടെ ഉറപ്പാക്കുന്നതിനും അതുവഴി ഇവയ്ക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളെയും ഭീഷണികളെയും നേരിടുന്നതിന് പോലീസിന് തൽസമയം അറിവു നൽകുകയും ചെയ്യുക എന്നതാണ് സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ എന്നതുകൊണ്ട് വിഭാവനം ചെയ്യുന്നത്.<br><br>ഈ സംവിധാനം കെൽട്രോണിന്റെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നടപ്പിൽ വരുത്തുകയും അതാതു സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിലെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി അവരുടെ സഹായത്തോടെ കുറ്റകൃത്യം നടക്കുന്ന സ്ഥലത്ത് പോലീസിനെ എത്തിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തന രീതി. |

(മറുപുറം)

| | |
|---|---|
| (സി) ഇതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് ; | : (സി) ഇതിനാവശ്യമായ എല്ലാ സാങ്കേതിക സഹായവും അടിസ്ഥാന സൗകര്യവും കെൽട്രോൺ ഒരുക്കുന്നതിനും അതിന്റെ ചെലവ് കെൽട്രോൺ വഹിക്കുന്നതുമാണ്. ഗുണഭോക്താക്കളായ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനമാണ് ഇതിനുള്ള സ്രോതസ്സായി കെൽട്രോൺ ഉദ്ദേശിക്കുന്നത്. |
| (ഡി) ആരുടെ ചുമതലയിലാണ് ഇത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | : (ഡി) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ